2. സുരക്ഷാ ഭവന പദ്ധതി

3. ഇന്നൊവേറ്റീവ് ഹൗസിംഗ് സ്കീം

4. വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ

5. Build-Share-Transfer രീതിയിൽ നടപ്പിലാക്കുന്ന പദ്ധതികൾ

6. കൊച്ചി മറൈൻ ഡ്രൈവ് പദ്ധതി

7. ദേവികുളത്ത് സർക്കാർ ജീവനക്കാർക്കുവേണ്ടിയുള്ള ഭവനപദ്ധതി

8. Pravasi Affordable Housing Scheme

9. സർക്കാർ ജീവനക്കാർക്കുള്ള Affordable Housing Scheme

മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഉണ്ട്.

സംസ്ഥാനത്ത് കെട്ടിട നിർമ്മാണ സാമഗ്രികളിൽ മുഖ്യമായും മണലിന് ദൗർലഭ്യം നേരിടുന്നുണ്ട്. നിർമ്മിതി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ ജില്ലകളിൽ ആരംഭിച്ചിട്ടുള്ള കലവറയിൽ നിന്നും സർക്കാർ അംഗീകരിച്ച മാർഗ്ഗ രേഖകൾ അടിസ്ഥാനമാക്കി ഉപഭോക്താക്കൾക്ക് മണൽ വിതരണം ചെയ്തു വരുന്നു. സിമന്റ്, കമ്പി മറ്റ് നിർമ്മാണ സാമഗ്രികൾ എന്നിവ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും സ്വകാര്യ സംരംഭകരിൽ നിന്നും വാങ്ങി ഗുണമേന്മ ഉറപ്പു വരുത്തി കലവറ വഴി വിതരണം ചെയ്യുന്നുണ്ട്.

(സി) സിമന്റ്, കമ്പി പോലുള്ള സാമഗ്രികൾ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സ്വകാര്യ സംരംഭകരിൽ നിന്നും ഗുണമേന്മ ഉറപ്പു വരുത്തിയാണ് ശേഖരിക്കുന്നത്. കൂടാതെ നിർമ്മിതി കേന്ദ്രങ്ങളുടെ ഉല്പാദനശാലകളിൽ നിന്നുള്ള സാമഗ്രികൾ Material Testing Lab-കളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയാണ് കലവറയിലൂടെ വിതരണം ചെയ്തു വരുന്നത്. കൂടുതൽ Material Testing Lab-കൾ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

ലാറി ബേക്കർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസിന്റെ ഉദ്ദേശലക്ഷ്യങ്ങൾ

143 (4496) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാറി ബേക്കർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് എന്ന സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ഗവേഷണ പ്രവർത്തനങ്ങളുടെ വിശദവിവരം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മണൽക്ഷാമ പരിഹാരത്തിനായി ചെലവുകുറഞ്ഞ തദ്ദേശ നിർമ്മാണ വസ്തുക്കൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള ഗവേഷണം പ്രസ്തുത സ്ഥാപനത്തെ ഏല്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ഡി) ഈ സ്ഥാപനത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ; ഏതൊക്കെ തരത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങൾ അവിടെ നടക്കുന്നുണ്ട് ?

ഉത്തരം

(എ) മുന്നാം ലോക രാജ്യങ്ങളിലെ ഭവനനിർമ്മാണ രീതികളിൽ സ്വാധീനം ചെലുത്തുകയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന എഞ്ചിനീയർമാർ/ആർക്കിടെക്ച്ചർമാർ മുതലായവർക്ക് ചെലവു കുറഞ്ഞതും പരിസ്ഥിതിക്ക് അനുയോജ്യമായതും പ്രാദേശിക വിഭവങ്ങളുപയോഗിച്ചുള്ളതുമായ ഭവന/കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യയിൽ പരിശീലനം നൽകുകയും ഗവേഷണ പ്രവർത്തനങ്ങൾ നടത്തുകയുമാണ് ലാറി ബേക്കർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് എന്ന സ്ഥാപനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ.

(ബി) ചെലവു കുറഞ്ഞതും പരിസ്ഥിതിക്ക് അനുയോജ്യമായതും പ്രാദേശിക വിഭവങ്ങളുപയോഗിച്ചുള്ളതുമായ ഭവന/കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യ, കെട്ടിട നിർമ്മാണ സാമഗ്രികൾ എന്നിവ വികസിപ്പിച്ചെടുക്കുക, കെട്ടിട നിർമ്മാണത്തിലെ പ്രാദേശിക നിർമ്മാണ രീതി മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഗവേഷണങ്ങൾ നടത്തുക, ഈ കാര്യങ്ങളിൽ ആർക്കിടെക്ച്ചർമാരുടേയും, സിവിൽ എഞ്ചിനീയർമാരുടേയും കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പരിശീലന പ്രവർത്തനങ്ങൾ നടത്തുക എന്നിവയാണ് ലാറി ബേക്കർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തന മേഖല.

(സി) ഇല്ല. എന്നിരുന്നാലും മണലിന്റെ ഉപയോഗം പരമാവധി കുറച്ചു കൊണ്ടുള്ള ഭവനനിർമ്മാണ രീതിയുടെ മാതൃക ആവിഷ്ക്കരിച്ചു വരികയാണ്.

(ഡി) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പി.റ്റി.പി. നഗറിലുള്ള കാമ്പസിലെ കെട്ടിടത്തിൽ ലാറി ബേക്കർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് എന്ന സ്ഥാപനത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇവിടെ നിലവിൽ എൻജിനീയറിംഗ് വിദ്യാർത്ഥികൾക്ക് ചെലവു ചുരുങ്ങിയ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യയിൽ ഹൃസ്വകാല പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ട്.

ഗവേഷണ പ്രവർത്തനങ്ങൾ പൂർണ്ണ തോതിൽ ആരംഭിക്കുന്നതിനായി ലാറി ബേക്കർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസിന് സ്വന്തമായി കാമ്പസും മറ്റ് അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തേണ്ടതുണ്ട്. തിരുവനന്തപുരം ജില്ലയിൽ കാമ്പസ് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി അറിയിക്കുവാൻ ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly